LIBRARY ARCHIVES Kerala Legislative Assembly

ഇടപ്പള്ളി റെയിൽവേ ഓവർബ്രിഡ്ജ് മുതൽ വരാപ്പുഴ പാലംവരെയുള്ള റോഡിന്റെ നിർമ്മാണ പ്രവർത്തനം

36 [1446] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 17-ൽ ഇടപ്പള്ളി റെയിൽവേ ഓവർബ്രിഡ്ജ് മുതൽ വരാപ്പുഴ പാലം വരെയുള്ള റോഡിന്റെ നിർമ്മാണം സംബന്ധിച്ച നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) ഈ റോഡിന്റെ നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഇതിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ഡി) റോഡുനിർമ്മാണം അടിയന്തിരമായി ആരംഭിക്കുവാൻ സർക്കാർ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ—ഡി) ഈ റോഡിന്റെ നിർമ്മാണത്തിനുവേണ്ടിയുള്ള എസ്റ്റിമേറ്റ് MORTH-ന്റെ അംഗീകാരത്തിന് സമർപ്പിച്ചിരിക്കുകയാണ്. MORTH-ൽ നിന്നും അംഗീകാരം നേടി എത്രയുംവേഗം റോഡിന്റെ പണികൾ നടത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. ഈ റോഡിലുള്ള മേൽപ്പാലത്തിന്റെ പണികൾ റെയിൽവേ നേരിട്ടാണ് നടത്തുന്നത്. മേൽപാലത്തിന്റെ പണികൾ റെയിൽവേ ആരംഭിച്ചിട്ടുണ്ട്. ഈ റോഡിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ 98 ശതമാനം പൂർത്തിയായിട്ടുണ്ട്.

എക്സ്പ്രസ്സ് ഹൈവേ വിശദമായ പഠനത്തിന് വിധേയമാക്കാൻ നടപടി

37 [1447] ശ്രീ. ബിനോയ് വിശ്വം:

,, പി. നാരായണൻ:

,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സംസ്ഥാന സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന എക്സ്പ്രസ്സ് ഹൈവേയ്ക്കുവേണ്ടി എന്തുതുക ചെലവാകുമെന്നും ഇത് എത്രകാലംകൊണ്ട് പൂർത്തിയാകുമെന്നും അറിയിക്കുമോ;

(ബി) ഈ ആവശ്യത്തിനായി എത്ര ഹെക്ടർ കൃഷിഭൂമിയും എത്ര ഹെക്ടർ നഗരഭൂമിയും പൊന്നുംവിലയ്ക്ക് ഏറ്റെടുക്കേണ്ടിവരുമെന്നും, ഈ ഇനത്തിൽ എന്തുതുക നഷ്ടപരിഹാരമായി നൽകേണ്ടിവരുമെന്നും വെളിപ്പെടുത്താമോ;